DESPATCHED
On 05/03/2020

5/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic@kerala.nic.in

ഹർജി നമ്പർ **CP 98(6)/2015/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.967/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീമതി. എൽ. ശ്യാമളാദേവി,
15/292(1), അശ്വതി,
ഫ്രണ്ട്ഷിപ്പ് ലൈൻ വെസ്റ്റ്,
ആലുവ – 683 101. } പരാതി ഹർജിക്കാരി

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി,
വെള്ളാനിക്കര, തൃശ്ശൂർ – 680 656. } എതിർകക്ഷി

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 4.12.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 13.1.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 15.1.2015 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 19.1.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 25.2.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 9.3.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 4.2.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, തൃശ്ശൂർ. |
| ഹിയറിംഗ് സാന്നിദ്ധ്യം | എതിർകക്ഷി ഹാജരായി. പരാതി ഹർജിക്കാരി ഹാജരുണ്ടായില്ല. |

## ഉത്തരവ്

പരാതി ഹർജിക്കാരിയായ ശ്രീമതി. എൽ. ശ്യാമളാദേവി, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാളുടെ അപേക്ഷയിന്മേൽ എതിർകക്ഷി 41 ദിവസങ്ങൾ കഴിഞ്ഞിട്ടും യാതൊരു മറുപടിയും ലഭ്യമാക്കിയില്ലെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ് :

i. 2009 ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ടിയാൾക്ക് കിട്ടേണ്ടതായ അരിയർ തുകയും ഡി.എ. അരിയർ തുകയും എത്ര എന്നും

ii. 31.10.2005നു ശേഷം റിട്ടയർ ചെയ്തവർക്ക് മേൽപ്പടി സംഖ്യ കൊടുത്തിട്ടുണ്ടോ എന്നും

iii. ഉണ്ടെങ്കിൽ എത്ര പേർക്ക് ഏത് പരിതസ്ഥിതിയിൽ എന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരിയുടെ അപേക്ഷയിന്മേൽ 13.1.2015 തീയതി ഡി1/5696/2011 പ്രകാരം മറുപടി അയച്ചു നൽകിയിരുന്നു എന്നും ആയതിന്റെ പകർപ്പ് കമ്മീഷൻ മുമ്പാകെ ഹാജരാക്കുന്നു എന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരിയുടെ അപേക്ഷയിന്മേൽ എതിർകക്ഷി വിവരങ്ങൾ നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിന് ചെറിയ കാലതാമസം ഉണ്ടായിട്ടുണ്ടെന്നു കാണുന്നു. ആയത് ബോധപൂർവ്വമായിരുന്നില്ലെന്ന് കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ എതിർകക്ഷി ബോധിപ്പിച്ച വസ്തുതകളിൽ നിന്നും കമ്മീഷന് ബോദ്ധ്യമാകുന്നതിനാൽ ഇക്കാര്യത്തിൽ കമ്മീഷൻ മറ്റു നടപടികൾ കൈക്കൊള്ളുന്നില്ല.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 5-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk